ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണു്.

ശ്രീ. കെ. രാമചന്ദ്രൻ : ഫാറസ്റ്റ് ഏരിയാ മുഴുവനും പുനലൂർ ആയതുകൊണ്ടു് ഓഫീസുകളും പുനലൂർ ആക്കുന്നതിനെപ്പറ്റി ശ്രമിക്കേണ്ടതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അഡ്മിനിസ്ട്രേഷന്റെ സൌകര്യമനുസരിച്ചാണു് ഈ കാര്യം തീരുമാനിച്ചിട്ടുള്ളതു്.

EPIDEMICS

*654. [16] **Sri. K. Ramachandran:** Will the Hon'ble Minister for Public Health be pleased to state whether Government are aware that epidemics such as chicken-pox, small-pox, typhoid etc., are fast spreading in the country and if so what extra measures have been taken to prevent them ?

Sri. A. J. John: There is slight increase in the incidence of chicken-pox, small-pox typhoid etc., in certain places but nowhere have they assumed epidemic proportions. Intensified vaccination on a campaign basis is being continued in affected localities. Anti-Typhoid inoculation is being continued. Disinfection of infected houses and water places is being systematically carried out. All threatened areas are kept under observation. Medical Officers are given anti-typhoid inoculation to accompany typhoid cases to Hospitals. There is no incidence of Cholera and Typhoid so far.

Sri. K. Ramachandran: Are Government aware that Central Travancore is worst affected ?

Sri. A. J. John: Yes.

Sri. A. Thanu Pillai: What are the areas largely affected by small-pox and typhoid ?

Sri. A. J. John: The highest incidence reported so far has been in Thalappalli Taluk, Chittur and Thattamangalam Municipal Towns in Cochin District.

ശ്രീ. ഇട്ടീര അമ്മുക്കൻ: ടൈഫോയിഡ് രോഗികളെ സാധാരണ ഐസൊലേഷൻ വാർഡിൽ കിടത്താറില്ലെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ: ഐസൊലേഷൻ വാർഡ് ഇല്ലാത്തിടത്തു മറ്റു സ്ഥലത്തു കിടത്തും.

ശ്രീ. സി. വി. ഇത്തൂ : തലപ്പിള്ളി താലൂക്കിൽ കമ്പൽസറി വാക്സിനേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: അവിടെ വാക്സിനേഷൻ നടത്തുന്നുണ്ടു്.

PALIAM ESTATE

*655: [17] **Sri. A. M. Thomas:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) what is the total amount recoverable each year in money and in paddy for the Paliam Estate under Government management ;

(*b*) has any committee been set up for partition of the Paliam Estate ; and

(*c*) if so, has it begun to function ?

Sri. A. J. John:

(*a*) 2,25,000 paras of paddy and Rs. 1,18,000 (in round figures) including the Paliam Devaswams.

(*b*) Yes.

(*c*) Yes.

ശ്രീ. എ. എം. തോമസ് : പാലിയം എസ്റ്റേറ്റിൽ നിന്നും ആദായനികുതി ഈടാക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടെന്നാണു് അറിവു്.

ശ്രീ. എ. എം. തോമസ് : എന്തു തുക ഈടാക്കിവരുന്നുണ്ടെന്നു് പറയാമോ?

ശ്രീ. എ. ജെ. ജാൺ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എം. തോമസ് : ആദായനികുതി വളരെ കൂടുതൽ കൊടുക്കേണ്ടിവരുന്നതുകൊണ്ടാണു് പാലിയം എസ്റ്റേറ്റിലെ മെമ്പറന്മാർ ഭാഗത്തിനപേക്ഷിച്ചിട്ടുള്ളതെന്നു് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly